പത്രക്കുറിപ്പ്
08-02-2019

## ഡിഡിയുജികെവൈ: 3855 പേർക്ക് കൂടി പരിശീലനം നൽകാൻ കുടുംബശ്രീയും ഒമ്പത് ഏജൻസികളുമായി ധാരണയിലെത്തി

---

തിരുവനന്തപുരം: ഗ്രാമപ്രദേശങ്ങളിലെ നിർധനരായ യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന കേന്ദ്ര പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) വഴി 3855 പേർക്ക് കൂടി പരിശീലനം നൽകാൻ കുടുംബശ്രീയും ഒമ്പത് പദ്ധതി നിർവ്വഹണ ഏജൻസികളും (പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ ഏജൻ സി കൾ-പിഐഎ) ധാരണാപത്രം ഒപ്പിട്ടു. ഇതോട് കൂടി 67315 പേർക്ക് പരിശീലനം നൽകാനുള്ള ലക്ഷ്യം പിഐഎകൾക്ക് നൽകി കഴിഞ്ഞു. പദ്ധതികാലയളവിൽ 71200 യുവതീയു വാക്കൾക്ക് നൈപുണ്യ പരിശീലനം നൽകാനാണ് കേരളത്തിലെ നോഡൽ ഏജൻ സിയായ കുടുംബശ്രീ ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി വഴി പരിശീലനം നേടിയ 27982 പേർക്ക് ജോലി ലഭിച്ചു കഴിഞ്ഞു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോറും അപെക്സ് ഇന്ത്യ എഡ്യു ക്കേഷൻ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്, ഡെൽവിൻ ഫോർമുലേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ഐഐബി എഡ്യുക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ്, എം4 സൊലൂഷൻസ്, ക്വെസ് കോർപ് ലിമിറ്റ ഡ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, സംവിത് എഡ്യുക്കേഷൻ ട്രസ്റ്റ്, എസ്എൻ എഡ്യുക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്, സിങ്ക്രോസെർവ് ഗ്ലോബൽ സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളുടെ പ്രതിനിധികളും ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ഫാർമ സി അസിസ്റ്റന്റ്, ബിസിനസ് കറസ്പോണ്ടന്റ്, അക്കൗണ്ട്സ് അസിസ്റ്റന്റ്സ്, ആയുർവേദ സ്പാ തെറാപ്പിസ്റ്റ്, ഫാഷൻ ഡിസൈനിങ് തുടങ്ങിയ കോഴ്സുകളിലാണ് ഈ ഏജൻസികൾ പരിശീലനം നൽകുന്നത്.

15 മുതൽ 35 വയസ് വരെ പ്രായമുള്ളവർക്ക് ഡിഡിയുജികെവൈ പരിശീലനത്തിന്റെ ഭാഗമാ കാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെടുന്ന ആദിവാസികൾ തുടങ്ങി യവർക്ക് 45 വയസ്സ് വരെയാണ് ഉയർന്ന പ്രായപരിധി. 32 മേഖലകളിലെ 127 ഓളം വിവിധ കോ ഴ്സുകളിലാണ് ഇപ്പോൾ കേരളത്തിൽ ഈ സൗജന്യ നൈപുണ്യ പരിശീലന പദ്ധതി വഴി പരിശീ ലനം നൽകുന്നത്. എട്ടാം ക്ലാസ് മുതൽ പത്ത്, പ്ലസ് ടു വരെ അടിസ്ഥാന യോഗ്യതയുള്ള മൂന്ന് മാസം മുതൽ ആറ് മാസം വരെ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സു കളാണുള്ളത്. എൻസി വിടി- എസ്എസ്സി അംഗീകരിച്ച സർട്ടിഫിക്കറ്റുകളാണ് ലഭിക്കുക. കുടുംബശ്രീ എംപാനൽ ചെയ്ത 70 പിഐഎകളാണ് പരിശീലനം നൽകുന്നത്. പരിശീലനാർ ത്ഥികൾക്ക് റെസിഡൻഷ്യൽ പരിശീലന സൗകര്യവും ഏജൻസികൾ ഒരുക്കി നൽകുന്നു.

പദ്ധതി വിവരങ്ങൾ അറിയാനും രജിസ്ട്രർ ചെയ്യുന്നതിനും കൗശൽ പഞ്ചി എന്ന മൊബൈ ൽ ആപ്ലിക്കേഷനുമുണ്ട്. കേരളത്തിൽ ഇതുവരെ 35000ത്തിലേറെ പേർ ഈ ആപ്ലിക്കേഷൻ വഴി രജി സ്ട്രർ ചെയ്തു കഴിഞ്ഞു. കൂടാതെ ജോലി നേടി എറണാകുളം ജില്ലയിലെത്തുന്ന വിദ്യാർത്ഥി കൾക്ക് തുണയായി മൈഗ്രേഷൻ സപ്പോർട്ട് സെന്ററും പ്രവർത്തിച്ചു വരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ